Office of the Chief Engineer
LSGD, T...
6/5/15

**കേരള സർക്കാർ**

*സംഗ്രഹം*

തദ്ദേശ സ്വയംഭരണ വകുപ്പ് - മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 1288 /2015/തസ്വഭവ                 തീയതി, തിരുവനന്തപുരം. 30.4.2015

---

പരാമർശം :- 16/4/2015ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.9-ാം നമ്പർ തീരുമാനം.

---

**ഉത്തരവ്**

പരാമർശത്തിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.9-ാം നമ്പർ തീരുമാനത്തിലെ കാര്യങ്ങൾ സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015-16ൽ 5 ലക്ഷം രൂപയും അതിനുമുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന നടപ്പിലാക്കേണ്ടതാണ്.
2. 5 ലക്ഷം രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയോ, ടെണ്ടർ മുഖേനയോ നടപ്പിലാക്കേണ്ടതാണ്.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അതാത് സ്ഥാപനങ്ങൾ പ്രമേയം മുഖേന തീരുമാനിക്കേണ്ടതും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർമാരെ ഏൽപ്പിക്കേണ്ടതുമാണ്.
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനം ഇല്ലാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എഞ്ചിനീയർമാർ തയ്യാറാക്കേണ്ടതില്ല.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**ജെയിംസ് വർഗീസ്**

*പ്രിൻസിപ്പൽ സെക്രട്ടറി*

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (കമ്മീഷണർ, ഗ്രാമവികസന വകുപ്പ് മുഖേന)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ